# വിശ്വവിസ്മയത്തിനപ്പുറത്തെ
# ലോക പരമാർഥങ്ങൾ

jthrees@hotmail.com

താജ്മഹൽ. ഇന്ത്യയുടെ അഭിമാനസൗധം. അടുത്ത കാലത്തൊന്നും ഒരുവിധ വിസ്മയ വും രചിച്ചിട്ടില്ലാത്ത ഇന്ത്യ ഈ പുരാതന സ്മാരകസൗധത്തിലൂടെ ഒരിക്കൽ കൂടി വിശ്വ വിസ്മയം ഉറങ്ങുന്ന നാടെന്ന ഖ്യാതി നേടിയിരിക്കുന്നു- സന്തോഷം.

താജ്മഹൽ മാത്രമല്ല വിസ്മയം. രാജ്യം മൊത്തത്തിൽ തന്നെ വിസ്മയങ്ങളുടെ കേളീരംഗമാകുന്നു.

ജനതകൾ വിസ്മയങ്ങളാകാറുണ്ട്. ചരിത്രങ്ങൾ രചിച്ചും അവ തിരുത്തിയും മനുഷ്യമനസ്സുകളിൽ നിറഞ്ഞുനില്ക്കുന്നവരാണവർ. എന്നാൽ ഇതിൽനിന്ന് വ്യത്യസ്തമാണെങ്കിലും ഇന്ത്യൻജനതയുടെ സ്ഥിതി വിസ്മയാവഹമാണ്.

അഴിമതി, കുംഭകോണം, അധോലോകമാഫിയകളുമായുള്ള അവിശുദ്ധ കൂട്ടുകെട്ട്, സ്വജനപക്ഷപാതിത്തം, നിമയലംഘനം തുടങ്ങിയ മാറാരോഗങ്ങളുമായി രാജ്യത്തിന്റെ സംസ്കാരത്തെയും സമ്പദ്ഘടനയെയും നശിപ്പിക്കുന്ന രാഷ്ട്രീയക്കാരെ വീണ്ടും വോട്ടെന്ന കടമ തീർക്കലിലൂടെ അധികാരത്തിലേറ്റുന്ന നാം വിസ്മയമല്ലാതെ പിന്നെന്ത്?

അധികാരം ഒരു ബാധ്യതയും സേവനവുമാണ്. വിശ്വാസ്യതയാണതിന്റെ മജ്ജ. അതെപ്പറ്റി ദൈവം ചോദിക്കും. എന്നാൽ ഔദ്യോഗികമേഖലയുടെ വിശുദ്ധി മാനിക്കാതെയും തനിക്കൊത്തതൊക്കെ ചെയ്യണം, വാരിവലിച്ചു സമ്പാദിക്കണം എന്ന മോഹത്തോടെയും അധികാരദുർവിനിയോഗം ചെയ്യുന്ന നമ്മുടെ അധികാരികൾ ലോകമനസ്സാക്ഷിക്കു മുമ്പിൽ തീർത്തും വിസ്മയമാണ്.

രാഷ്ട്രസേവനമാണ് രാഷ്ട്രീയ ലക്ഷ്യം. ജനങ്ങളാണ് അതിന്റെ ഗുണഭോക്താക്കൾ. പക്ഷേ, എന്തിനും ഏതിനും പണിമുടക്കും ഹർത്താലുമായി ജനത്തെ വലക്കുകയും മനുഷ്യാവകാശങ്ങളെ ഹനിക്കുകയും രാജ്യത്തിന്റെ സമ്പദ്ഘടന നശിപ്പിക്കുകയും സംവിധാനങ്ങൾ ദുർവിനിയോഗം ചെയ്യുകയും ചെയ്യുന്ന രാഷ്ട്രീയക്കാരും നേതാക്കളും നിറഞ്ഞ ഈ രാജ്യം ലോകത്തിനു മുമ്പിൽ നിറഞ്ഞ വിസ്മയമാകുന്നു.

ഔദ്യോഗിക കൃത്യനിർവഹണം രാജ്യസേവനമാണ്. അത് ഏത് മേഖലയായാലും ശരി. പക്ഷേ, കൈക്കൂലിയിലൂടെ ആ രംഗം അവിശുദ്ധവും ജനവിരുദ്ധവുമാക്കി മാറ്റുന്ന സ്വാർഥികളും മേലാളസ്വഭാവക്കാരുമായ ഭൂരിപക്ഷം സർക്കാർ ജീവനക്കാരും വിസ്മയമല്ലാതെ മറ്റെന്ത്?

നമ്മുടെ രാജ്യത്തിന്റെ സ്ഥിതി വിസ്മയം തന്നെയാണ്. ശാസ്ത്രീയ- സാമ്പ ത്തിക രംഗങ്ങളിൽ എത്ര വളർച്ച കൈവരിച്ചാലും, രാജ്യത്തെ വലിയ ജനസംഖ്യ സ്വന്തം കൂരയില്ലാത്തവരും തണുപ്പിൽനിന്ന് രക്ഷപ്പെടാൻ പുതപ്പു പോലുമില്ലാത്തവരും വിശപ്പകറ്റാൻ സ്വന്തം കുഞ്ഞുങ്ങളെ വില്ക്കുന്നവരും ദാരിദ്ര്യം ഭയന്ന് പെൺകുഞ്ഞുങ്ങളെ ജീവനോടെ കുഴിച്ചുമൂടുന്നവരുമാണെന്ന വാർത്ത ലോകത്തിന് വിസ്മയമല്ലേ? പൗരന്മാരെ അത്തരം പതിതാവസ്ഥയിലേക്ക് തള്ളിവിട്ട രാജ്യവ്യവസ്ഥിതിയും വിസ്മയം തന്നെ.

ഏറ്റവുമധികം ബാലവേലക്കാരുള്ള രാജ്യമാണ് നമ്മുടെ നാട്. ഒരുനേരത്തെ ഭക്ഷണത്തിനു വേണ്ടി കഠിനമായ തൊഴിലുകളിൽ ഏർപ്പെടാതെ അവർക്ക് വേറെ പോംവഴിയില്ല. തന്റെ ഗർഭസ്ഥശിശുവിനെപ്പോലും താൻ ജോലി ചെയ്യുന്ന കമ്പനിക്ക് പണയപ്പെടുത്തിയിട്ടാണ് പല വനിതാ തൊഴിലാളികളും വേല ചെയ്യുന്നത്. അവരൊക്കെ ചൂഷിതരും പീഡിതരുമാണ്. നിയമസഹായം അവരെയല്ല, തൊഴിലുടമകളെയാണ് കടാക്ഷിക്കുന്നത്. എത്രമാത്രം വിസ്മയാവഹവും ലജ്ജാകരവുമായ അവസ്ഥയാണിത്.

ദരിദ്രപൗരന്മാരെ കുടിയിറക്കിയും അവരുടെ അവകാശങ്ങൾ ഹനിച്ചും കുത്തക കമ്പനികൾക്ക് ഒത്താശകൾ ചെയ്തുകൊടുക്കുന്ന നമ്മുടെ പുരോഗമനവാഞ്ഛയും വിസ്മയാവഹവും വേദനാജനകവും തന്നെ.

ജാതിചിന്തകൾ വളർത്തിയെടുക്കുകയും ജനത്തെ അതിനനുസരിച്ച് വർഗീകരിക്കുകയും ജാതികൾ പരസ്പരം ആക്രമിക്കുകയും ചെയ്യുന്ന രാജ്യത്തിന്റെ ദൗർഭാഗ്യകരമായ അവസ്ഥ വിസ്മയമല്ലാതെ മറ്റെന്ത്?

ഇതൊക്കെ അനുഭവിച്ചുകൊണ്ട് കുത്തകകൾ നിയന്ത്രിക്കുന്ന സർക്കാറിനു കീഴിൽ ജീവിക്കുന്ന നാം ലോകത്തിനു മുമ്പിൽ വലിയ വിസ്മയമാണ്.

എണ്ണിപ്പറയാൻ ഇനിയുമുണ്ട്. വായനക്കാരുടെ പ്രതികരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ടു തന്നെ ഒരു ചോദ്യം: ഒരു പൗരൻ എന്ന നിലക്ക് നമുക്ക് എത്രമാത്രം നിലയും വിലയുമുണ്ടിവിടെ? നമ്മുടെ കാര്യത്തിൽ ഗുണകാംക്ഷയും ജാഗ്രത്തും പുലർത്തുന്നതാണോ നമ്മുടെ ഭരണകൂടങ്ങൾ? ഏകദൈവമാണ് പരിശുദ്ധൻ.